File No.FWLD-A1/51/2018-FWLD

12139
17/7/19

'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

മണ്ണാർക്കാട് ഡിവിഷനിലെ അട്ടപ്പാടി, മണ്ണാർക്കാട് റെയിഞ്ചുകളിലെ ഡിപ്പാർട്ട്മെന്റ് ജോലികളിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്ക നടപടി - ശ്രീ.പി.വി.വിനോദ് കുമാർ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ഫയൽ ചെയ്ത ഒ.എ. 216/15 ലെ 02.03.2018-ലെ വിധിന്യായം- നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

**സ.ഉ.(സാധാ) നം.175/2019/വനം** തിരുവനന്തപുരം, തീയതി, 21/05/2019

---

പരാമർശം:- (1) 15.05.2012-ലെ സ.ഉ.(സാധാ.) നം. 235/2012/വനം ഉത്തരവ്

(2) ശ്രീ.പി.വി.വിനോദ് കുമാർ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ഫയൽ ചെയ്ത ഒ.എ. 216/2015-ലെ 02.03.2018-ലെ വിധിന്യായം

(3) 14.03.2018 തീയതിയായി ശ്രീ.പി.വി.വിനോദ് കുമാർ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച റിവ്യൂ ഹർജി

(4) 01.02.2019-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ A1-2/50063/2018/KPSC നമ്പർ കത്ത്

ഉത്തരവ്

മണ്ണാർക്കാട് ഡിവിഷനിലെ അട്ടപ്പാടി, മണ്ണാർക്കാട് റെയിഞ്ചുകളിലെ ഡിപ്പാർട്ട്മെന്റ് ജോലികളിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് 9 ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി ആരംഭിക്കുകയും അതിലൊരാളായ ശ്രീ.പി.വി.വിനോദ് കുമാർ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറിൽ നിന്നും 2,96,514/- രൂപ ഈടാക്കിക്കൊണ്ടും മൂന്ന് വർഷിക വേതന വർദ്ധനവ് സഞ്ചിതഫലപ്രാബല്യത്തോടെ തടഞ്ഞുകൊണ്ടും പരാമർശം ( 1 ) പ്രകാരം ഉത്തരവായിരുന്നു.

2) അച്ചടക്ക നടപടി തീർപ്പാക്കിയതിനെതിരെ ശ്രീ.പി.വി.വിനോദ് കുമാർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ കേസ് ഫയൽ ചെയ്യുകയും, ടിയാൻ സമർപ്പിക്കുന്ന റിവ്യൂ ഹർജി പരിഗണിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളാൻ പരാമർശം ( 2 ) പ്രകാരം ട്രൈബ്യൂണൽ ഉത്തരവാകുകയും ചെയ്തു. തുടർന്ന് ശ്രീ.പി.വി.വിനോദ് കുമാർ പരാമർശം (3) പ്രകാരം റിവ്യൂ ഹർജി സമർപ്പിച്ചു. സ്വാഭാവിക നീതി ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ടിയാനെ നേരിൽ കേൾക്കുകയുണ്ടായി.

3) നേരിൽ കേട്ട വേളയിൽ ശ്രീ.വിനോദ് കുമാർ തനിക്കെതിരെ ആരോപിക്കപ്പെട്ട കുറ്റങ്ങളൊന്നും തന്നെ നിഷേധിച്ചിരുന്നില്ല. മറിച്ച് ടിയാൻ സേവനമനുഷ്ഠിച്ചിരുന്ന റെയിഞ്ചിലെ ക്രമക്കേടിനു മാത്രമാണ്, അതായത് ടി റെയിഞ്ചിലുണ്ടായ നഷ്ടത്തിനു മാത്രമാണ് ഉത്തരവാദിത്തം എന്നും അധികാരശ്രേണി അനുസരിച്ചല്ല ആനുപാതികനഷ്ടം കണക്കാക്കിയതെന്നും, കൂടെയുള്ള മറ്റ് കുറ്റാരോപിതർക്ക് റിവ്യൂ ഹർജിയിൽ നൽകിയ ഇളവ് തനിക്കും നൽകണമെന്നും അപേക്ഷിച്ചു.

4) ശ്രീ.വിനോദ് കുമാർ സേവനമനുഷ്ഠിച്ചിരുന്ന റെയിഞ്ചിലെ നഷ്ടത്തിന് ആനുപാതികമായി തന്നെയാണ് ടിയാന് എതിരെയുള്ള ആനുപാതിക നഷ്ടം കണക്കാക്കിയതെന്നും അധികാരശ്രേണി അനുസരിച്ചല്ല കുറ്റാരോപിതരുടെ പങ്കിനനുസരിച്ചാണ് അനുപാതം കണക്കാക്കിയത് എന്നും വകുപ്പിന്റെ പ്രതിനിധി ഹിയറിംഗിൽ അറിയിക്കുകയുണ്ടായി.

5) മേൽ വാദങ്ങൾ പരിശോധിക്കുകയും ടിയാനിൽ നിന്നും സർക്കാർ നഷ്ടം ഈടാക്കുന്നത് നിലനിർത്തിക്കൊണ്ടും ശിക്ഷയിൽ ഇളവ് വരുത്തി 'രണ്ട് വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെ തടയുക' എന്നത് നൽകി റിവ്യൂ ഹർജി തീർപ്പാക്കുന്നതിന് താൽക്കാലികമായി തീരുമാനിച്ചുകൊണ്ട് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ആരായുകയുണ്ടായി. എന്നാൽ സർക്കാരിന്റെ താല്ക്കാലിക തീരുമാനത്തോട് വിയോജിപ്പ് രേഖപ്പെടുത്തുന്നതായി പരാമർശം ( 4 ) പ്രകാരം കമ്മീഷൻ അറിയിച്ചു.

6) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഈ കേസിൽ കുറ്റകൃത്യത്തിലുള്ള പങ്കിന്റെ അടിസ്ഥാനത്തിലാണ് ഓരോരുത്തരിൽ നിന്നും ആനുപാതിക സർക്കാർ നഷ്ടം ഈടാക്കിയിട്ടുള്ളതും ശിക്ഷ നൽകിയിട്ടുള്ളതും. ഔപചാരികാന്വേഷണത്തിൽ ശ്രീ.പി.വി.വിനോദ് കുമാറിനെതിരെയുള്ള 2,3 ചാർജ്ജുകൾ പൂർണ്ണമായും ഒന്നാം ചാർജ്ജ് ഭാഗികമായും തെളിഞ്ഞതായും 11,86,056/- രൂപ സർക്കാർ നഷ്ടം സംഭവിച്ചതിൽ ടിയാനും ഉത്തരവാദിയാണെന്ന് കണ്ടെത്തിയതിനാലാണ് ടിയാനിൽ നിന്നും സർക്കാർ നഷ്ടത്തിന്റെ ആനുപാതിക വിഹിതമായ 2,96,514/- രൂപ ഈടാക്കിക്കൊണ്ടും മൂന്ന് വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെ തടഞ്ഞുകൊണ്ടും അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവായത്. ഈ സാഹചര്യത്തിൽ നേരിൽ കേട്ട വസ്തുതകളെ അടിസ്ഥാനമാക്കി ശ്രീ.പി.വി.വിനോദ് കുമാറിൽ നിന്നും സർക്കാർ നഷ്ടം

ഈടാക്കുന്നത് നിലനിറുത്തിക്കൊണ്ടും ടിയാന്റെ 'രണ്ട് വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യത്തോടെ തടഞ്ഞുകൊണ്ടും' റിവ്യൂ ഹർജി തീർപ്പാക്കി പരാമർശം (2)-ലെ കോടതി വിധി നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷീല എം

അണ്ടർ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.പി.വി.വിനോദ് കുമാർ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by BIJI K
Date: 20[illegible].05.22 11:35:56 IST
Reason: Approved

സെക്ഷൻ ഓഫീസർ